**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 342** **05-12-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ അരി വില നിയന്ത്രിക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് അരി വില നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | പൊതുവിപണിയിൽ അരിവില വൻതോതിൽ ഉയർന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ വില നിയന്ത്രിക്കുന്നതിന് സർക്കാർ കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>സപ്ലൈകോ വില്പനശാലകൾ വഴി പച്ചരി, ജയ, മട്ട, കുറുവ എന്നീ ഇനങ്ങളിലുള്ള അരി സബ്സിഡി നിരക്കിൽ കാർഡൊന്നിന് 10 കിലോഗ്രാം വീതവും പൊതുവിപണിയേക്കാൾ കുറഞ്ഞ നിരക്കിൽ പൊതുജനങ്ങൾക്കാവശ്യനുസരണം ഫ്രീസെയിലായും വിതരണം ചെയ്തു വരുന്നുണ്ട്. ഇതിനു പുറമേ, പൊതു വിപണിയിലെ അരിയുൾപ്പെടെയുള്ള ഭക്ഷ്യ വസ്തുക്കളുടെ വിലവർദ്ധനവും, ദൗർലഭ്യവും പിടിച്ചു നിർത്തുന്നതിനായി അടിയന്തിര സാഹചര്യം കണക്കിലെടുത്ത് സപ്ലൈകോ വില്പനശാലകളുടെ പ്രവർത്തനത്തിനൊപ്പം 'അരി വണ്ടി' 02-11-2022 മുതൽ 08-11-2022 വരെ എല്ലാ താലൂക്കുകളിലും എത്തിച്ചേരുന്ന വിധത്തിൽ താൽക്കാലികമായി ക്രമീകരിച്ച് സംസ്ഥാനത്തിലെ റേഷൻകാർഡുടമകൾക്ക് അരിയും മറ്റ് അവശ്യഭക്ഷ്യവസ്തുക്കളും ലഭ്യമാക്കുകയുണ്ടായി. സംസ്ഥാനത്തെ വിദൂര പ്രദേശങ്ങളിൽ (Remote locations) ഉൾപ്പെടുന്ന തീരദേശ, മലയോര, ആദിവാസി മേഖലകൾക്ക് മുൻഗണന നൽകിയാണ് അരി വണ്ടിയുടെ സേവനം ക്രമീകരിച്ചത്. പൊതുവിപണിയിൽ അരി വില നിയന്ത്രിക്കുന്നതിന്റെ ഭാഗമായി സപ്ലൈകോയുടെ അരി വണ്ടികൾ വഴി ഒരാഴ്ച്ച കൊണ്ട് 1,31,464 കിലോ അരിയാണ് സബ്സിഡി നിരക്കിൽ വിതരണം ചെയ്തത്.<br><br>സംസ്ഥാനത്തെ ജനങ്ങൾ കൂടുതലായി ഉപയോഗിക്കുന്ന ഇനങ്ങൾ FCI വഴി സംഭരിച്ച് ആയത് റേഷൻകടകൾ വഴി വിതരണം ചെയ്യുന്നതിൽ കൂടി സംസ്ഥാനത്തെ അരിവില |

| | | | |
|---|---|---|---|
| | | | പൊതുവിപണിയിൽ ഉയരുന്നത് തടയാൻ സാധിച്ചിട്ടുണ്ട്.<br><br>പൊതുവിപണിയിൽ അരി വില ഉയർന്ന് കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ വില നിയന്ത്രിക്കുന്നതിനു വേണ്ടി ഇടനിലക്കാരെ ഒഴിവാക്കി ആന്ധ്രപ്രദേശ് ഉൾപ്പെടെയുള്ള ഉല്പാദക സംസ്ഥാനങ്ങളിൽ നിന്ന് കുറഞ്ഞവിലയ്ക്ക് അരി നേരിട്ടെത്തിക്കുന്നതിനെക്കുറിച്ചുള്ള മന്ത്രിതല ചർച്ചകളുടെ അടിസ്ഥാനത്തിൽ സപ്ലൈകോയും ആന്ധ്ര സിവിൽ സപ്ലൈസ് കോർപ്പറേഷനും ചർച്ചകൾ നടത്തി വരുന്നുണ്ട്.<br><br>കൂടാതെ റേഷൻകടകൾ വഴി പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്ന യോജന (PMGKAY) പദ്ധതി പ്രകാരം അധിക അരി വിതരണം നടത്തുന്നതും വിലക്കയറ്റം നിയന്ത്രണ വിധേയമാക്കുന്നതിന് സഹായിച്ചിട്ടുണ്ട്. |
| (ബി) | റേഷൻ കടകളിൽ സ്റ്റോക്ക് ഇല്ലാത്തതിനാൽ സ്ഥിരമായി റേഷൻ വാങ്ങുന്ന 9 ലക്ഷം കുടുംബങ്ങൾക്ക് അരി നഷ്ടപ്പെട്ടുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ; | (ബി) | ഒരു പ്രമുഖ മാധ്യമത്തിൽ ഇത്തരത്തിൽ വാർത്ത വന്നിരുന്നത് ശ്രദ്ധയിൽപ്പെട്ടിരുന്നു. 2022 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ റേഷൻ വിഹിതം കൈപ്പറ്റിയവരുടെ എണ്ണത്തോടൊപ്പം 2022 ഒക്ടോബർ മാസങ്ങളിൽ വന്ന കുറവ് ഉൾപ്പെടുത്തിയാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. ആഗസ്റ്റിനു മുൻപുള്ള മാസങ്ങളിൽ വിഹിതം കൈപ്പറ്റിയവരുടെ എണ്ണം കണക്കിലെടുക്കാതെ രണ്ടു മാസത്തിലെ വിവരങ്ങൾ മാത്രം കണക്കാക്കി ശരാശരി 83 ലക്ഷം കുടുംബങ്ങൾ റേഷൻ കൈപ്പറ്റുന്നതായി പറഞ്ഞാണ് ടി 9 ലക്ഷം കുടുംബങ്ങൾക്ക് വിഹിതം നഷ്ടമായെന്ന തരത്തിൽ റിപ്പോർട്ട് നൽകിയിരിക്കുന്നത്. എന്നാൽ 2022 ഏപ്രിൽ മുതൽ 2022 ജൂലൈ വരെയുള്ള മാസങ്ങളിൽ റേഷൻ വിഹിതം കൈപ്പറ്റിയിട്ടുള്ളത് 7434260 കാർഡുടമകളാണ്. 2022 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ ഓണക്കിറ്റ് വിതരണവും മുൻഗണനേതര വിഭാഗത്തിന് നോർമൽ വിഹിതത്തിനു പുറമെ അധിക വിഹിതമായി 10 കി.ലോഗ്രാം വീതം അരി വിതരണം നടത്തിയതും പ്രസ്തുത മാസങ്ങളിൽ വിഹിതം കൈപ്പറ്റുന്നവരുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്.<br><br>പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്നയോജന സ്കീമിലെ വിഹിതം സമയബന്ധിതമായി FCI യിൽ നിന്ന് ലഭിക്കുന്നതിന് ചില ജില്ലകളിലുണ്ടായിരുന്ന തടസ്സങ്ങൾ പരിഗണിച്ച് 2022 സെപ്റ്റംബർ മാസത്തിലെ വിഹിതം ഒക്ടോബർ മാസത്തിലെ വിതരണത്തോടൊപ്പവും 2022 ഒക്ടോബർ |

| | | | |
|---|---|---|---|
| | | | മാസത്തിലെ വിഹിതം നവംബർ മാസത്തിലെ വിഹിതത്തോടൊപ്പവും ക്രമീകരിച്ച് നൽകുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | റേഷൻ കടകളിൽ സ്റ്റോക്ക് എത്തിക്കുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷന് വീഴ്ച ഉണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (സി) | റേഷൻ കടകളിൽ സ്റ്റോക്ക് എത്തിക്കുന്നതിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന് വീഴ്ച ഉണ്ടായിട്ടില്ല. അലോട്ട്മെന്റ് പ്രകാരമുള്ള ഭക്ഷ്യധാന്യങ്ങൾ എഫ്.സി.ഐ.യിൽ നിന്നും വിട്ടെടുത്ത് താലൂക്ക് സപ്ലൈ ഓഫീസുകളിൽ നിന്നുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ യഥാസമയം റേഷൻകടകളിലേക്ക് വാതിൽപ്പടി വിതരണം നടത്തി വരുന്നുണ്ട്. |
| (ഡി) | അരിവില വർദ്ധിക്കുന്നതിന് കാരണം എഫ്.സി.ഐ.യിൽ നിന്നും കൃത്യമായി റേഷൻ സ്റ്റോക്ക് എടുക്കാത്തത് കൊണ്ടാണോയെന്ന് അറിയിക്കാമോ? | (ഡി) | റേഷൻ കടകളിൽ സ്റ്റോക്ക് എത്തിക്കുന്നതിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന് വീഴ്ച ഉണ്ടായിട്ടില്ല. അലോട്ട്മെന്റ് പ്രകാരമുള്ള ഭക്ഷ്യധാന്യങ്ങൾ എഫ്.സി.ഐ.യിൽ നിന്നും വിട്ടെടുത്ത് താലൂക്ക് സപ്ലൈ ഓഫീസുകളിൽ നിന്നുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ യഥാസമയം റേഷൻകടകളിലേക്ക് വാതിൽപ്പടി വിതരണം നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ